**തൊഴിലിടങ്ങളിൽനിന്ന് മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസം**

20 (*290) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളെക്കൊണ്ട് തൊഴിൽശാലകളിലും, ഹോട്ടലുകളിലും മറ്റുസ്ഥാപനങ്ങളിലും തൊഴിൽ ചെയ്യിക്കുന്നതു തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) അതിൽനിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ ;

(സി) കുട്ടികളെ ഇവിടങ്ങളിൽ തൊഴിൽ തേടാൻ നിർബന്ധിതരാക്കുന്ന കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) തൊഴിലിടങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ കുടുംബപശ്ചാത്തലവും ദാരിദ്ര്യാവസ്ഥയും അന്വേഷിക്കുന്നതിനും തൊഴിൽതേടാൻ കുട്ടികളെ നിർബന്ധിതരാക്കുന്ന കാരണങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ ;

(ഇ) ഇത്തരം കുട്ടികളുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനും, നിലവിലുള്ള സംവിധാനമെന്താണ് ; സാമൂഹ്യക്ഷേമ വകുപ്പുമായി ഏകോപിച്ചുള്ള നടപടിയുണ്ടോ ; വിശദമാക്കുമോ ;

(എഫ്) 2010-ലും 2011-ലും ഈ വിധത്തിൽ മോചിപ്പിച്ച കുട്ടികളുടെ വിശദവിവരം നല്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം 14 വയസ്സുവരെയുള്ള കുട്ടികളെക്കൊണ്ട് കഠിന ജോലി ചെയ്യിക്കുന്നത് തടയാനും നിയന്ത്രിക്കാനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമപരമായ പരിശോധനകളും അതോടൊപ്പം തന്നെ ബോധവൽക്കരണ പരിപാടികളും തൊഴിൽ വകുപ്പ് നടത്തുന്നുണ്ട്. എല്ലാം ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ടാക്സ് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മോചിപ്പിക്കപ്പെടുന്ന കുട്ടികളെ അതാത് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, ടി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഇല്ല.

(ഡി) കഠിന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയ എല്ലാ കുട്ടികളും അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിയവരായതിനാൽ ഇവരുടെ കുടുംബ പശ്ചാത്തലവും മറ്റു കാരണങ്ങളും കണ്ടു പിടിക്കുവാനും ആയതു പരിഹരിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(ഇ) ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹോമിലും ഇപ്രകാരം മോചിപ്പിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കാറുണ്ട്.

(എഫ്) 2010-ൽ എറണാകുളം ജില്ലയിൽ നിന്ന് 3 കുട്ടികളെയും 2011-ൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് 2 കുട്ടികളെയും മോചിപ്പിച്ചിട്ടുണ്ട്.

**കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

21 (*291) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനത്തിൽ പിൽക്കാലത്ത് എന്തൊക്കെ പുതിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) നബാർഡിന്റെ സഹായത്തോടെയുള്ള റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെ.എൽ.ഡി.സി. ഏറ്റെടുത്ത് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) വികസന ഏജൻസികൾ മുഖേനയുള്ള ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ;

(ഇ) പ്രതിവർഷം എന്തു തുകയ്ക്കുള്ള പദ്ധതികളാണ് കോർപ്പറേഷന് ലഭിക്കാറുള്ളത് ;

(എഫ്) ഈ കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly